# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3975** — **19.03.2018-ൽ മറുപടിക്ക്**

**ചെമ്പനോട് വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം**

| ചോദ്യം<br>ശ്രീ. അനിൽ അക്കര | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഭൂനികുതി സ്വീകരിക്കാത്തതിനാൽ കോഴിക്കോട് ചെമ്പനോട് വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ വില്ലേജോഫീസർ സലീഷ് തോമസിനെതിരെയുള്ള അച്ചടക്കനടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ ; | (എ) കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജിലെ കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. സലീഷ് തോമസിന് ലാന്റ് റവന്യൂ കമ്മീഷണർ കുറ്റപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ പ്രതിവാദ പത്രിക ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ശ്രീ. സജീവ് ദാമോദറിനെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) സലീഷ് തോമസിനെ സർവ്വീസിൽ തിരികെയെടുത്തിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ആത്മഹത്യചെയ്ത ജോയിയുടെ അവകാശിക്ക് നൽകാമെന്ന് പ്രഖ്യാപിച്ചിരുന്ന ജോലി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) ആത്മഹത്യചെയ്ത ജോയിയുടെ അവകാശിക്ക് ജോലി നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ